നം.കെ.എസ്.എ-കെ.ടി.എം.പി-12/226/2019 തീയതി : 07.03.2019

# കോട്ടയം ജില്ലയിലെ പുതുപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോട്ടയം ജില്ലയിലെ പുതുപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.8.17 മുതൽ 31.1.19 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 28.02.19ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.02.19 മുതൽ 28.02.19 വരെ | |
| | ശ്രീ.നടരാജൻ പി.ബി. | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീമതി സുധാജേക്കബ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അമ്പിളി യു. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി സ്മിത റ്റി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി രഞ്ജു പ്രകാശ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**നിർവഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.നിബു ജോൺ | 01.04.17 മുതൽ 31.03.18 വരെ |
| ചെയർപേഴ്സൺ (ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി) | ശ്രീമതി ലതാ മോഹൻ | 01.04.17 മുതൽ 31.03.18 വരെ |
| ചെയർപേഴ്സൺ (വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി) | ശ്രീ.സാം കെ.വർക്കി | 01.04.17 മുതൽ 31.03.18 വരെ |
| ചെയർപേഴ്സൺ (ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി) | ശ്രീമതി ഗീതാ ഷിജൂ | 01.04.17 മുതൽ 31.03.18 വരെ |
| ചെയർപേഴ്സൺ (ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി) | ശ്രീ.സജി പി.സ്കറിയ | 01.04.17 മുതൽ 31.03.18 വരെ |
| സെക്രട്ടറി | ശ്രീ.ഷാജി തോമസ് | 01.04.17 മുതൽ 21.10.17 വരെയും 02.11.17 മുതൽ 31.03.18 വരെയും |
| | ശ്രീ.വിനു മാത്യൂസ് | 22.10.17 മുതൽ 01.11.17 വരെ |

**<u>മറ്റ് നിർവഹണോദ്യോഗസ്ഥർ</u>**

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ആർ.പ്രസന്നകുമാർ | 01.04.17 മുതൽ 16.11.17 വരെ |
| | ശ്രീമതി ഫസ്‌ലീന എ. | 17.11.17 മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.വിനു മാത്യൂസ് | 01.04.17 മുതൽ 31.03.18 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി ഗീതാ ജി.നായർ | 01.04.17 മുതൽ 04.06.17 വരെ |
| | ശ്രീമതി ആൻസി തോമസ് | 05.06.17 മുതൽ 31.03.18 വരെ |
| | | |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.ജോബി ജോർജ്ജ് | 01.04.17 മുതൽ 31.03.18 വരെ |
| വി.ഇ.ഒ | ശ്രീ.അരുൺ പി.ഡി. | 01.04.17 മുതൽ 20.07.17 വരെ |
| | ശ്രീമതി ബിജിമോൾ അൻസാരി | 21.07.17 മുതൽ 23.07.17 വരെ |
| | ശ്രീമതി ലൈസ എസ്. എൽ. | 23.07.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.സൗമ്യ ജോർജ്ജ് | 01.04.17 മുതൽ 30.04.17 വരെ |
| | ഡോ.റ്റി.ഡി.ബാബുരാജ് | 01.05.17 മുതൽ 31.05.17 വരെ |
| | ഡോ.ആൻ റ്റിനു സാം | 01.06.17 മുതൽ 05.07.17 വരെ |
| | ഡോ.സജിത്ത് ബാബു | 06.07.17 മുതൽ 10.08.17 വരെ |
| | ഡോ.ആതിര കെ.നായർ | 11.08.17 മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി റഷീദ വി.പി. | 01.04.17 മുതൽ 30.10.17 വരെയും 05.12.17 മുതൽ 31.03.18 വരെയും |
| | ശ്രീമതി അഞ്ജലി അരവിന്ദ് | 31.10.17 മുതൽ 04.12.17 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീമതി ദീപ ബി.ആർ. | 01.04.17 മുതൽ 02.05.17 വരെയും 01.06.17 മുതൽ 06.10.17 വരെയും |
| | ശ്രീ.നിബു കുര്യൻ | 03.05.17 മുതൽ 31.05.17 വരെ |
| | ശ്രീ.നടരാജസുന്ദരം | 07.10.17 മുതൽ 31.03.18 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ജയലക്ഷ്മി കെ. | 01.04.17 മുതൽ 16.11.17 വരെ |
| | ശ്രീമതി ഷേർളി അലക്സ് | 17.11.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.നാൻസമ്മ തമ്പി | 01.04.17 മുതൽ 01.08.17 വരെ |
| | ഡോ.ലൗലി ഫിലിപ്പ് | 02.08.17 മുതൽ 31.03.18 വരെ |

**ഉള്ളടക്കം**

| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| | **ഭാഗം 1 പൊതു അവലോകനം** |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അവലോകനം |
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തര നിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളുടെ അവലോകനം |
| | **ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** |
| 2-1 | വെറ്ററിനറി സർജൻ കൈപ്പറ്റിയ രസീത് ബുക്ക്-പിരിച്ച തുക പൂർണ്ണമായും അടവാക്കിയില്ല-500 രൂപ കുറവ് |
| 2-2 | വസ്തുനികുതി-അപാകത |
| 2-3 | ക്രമവൽക്കരണം-ഫീസ് ഈടാക്കുന്നതിൽ കുറവ് |
| 2-4 | ഇ-ടെൻഡർ ഫോറ വില പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല |
| 2-5 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 2-6 | ഓഡിറ്റ് ഇംപാക്ട് |
| | **ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** |
| 3-1 | തനതുഫണ്ട് ചെലവുകൾ-വിവിധ കാരണങ്ങളാൽ ചെലവ് തടസ്സപ്പെടുത്തുന്ന |
| 3-2 | യാത്രപ്പടി അനുവദിക്കുന്നതിൽ അപാകതകൾ |
| 3-3 | യാത്രപ്പടി കുടിശ്ശിക നൽകിയത് അംഗീകരിക്കുന്നില്ല |
| | |

| | |
|---|---|
| 3-4 | ലൈബ്രറി സെസ് ഇനത്തിൽ കൂടുതൽ തുക അടവാക്കിയത് ക്രമീകരിച്ചിട്ടില്ല |
| 3-5 | തൊഴിലുറപ്പ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിയ്ക്കുന്നില്ല |
| 3-6 | പൊതുസ്ഥലങ്ങളിൽ വേസ്റ്റ് ബിൻ സ്ഥാപിയ്ക്കൽ-വിശദാംശങ്ങളില്ല |
| 3-7 | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി നൽകൽ-അപാകതകൾ |
| 3-8 | കൃഷിക്ക് സബ്സിഡി നൽകൽ-പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ-ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-9 | സ്കൂളുകളിലെ ഒരു റൂം സ്മാർട്ട് ക്ലാസ് റൂം ആക്കൽ-ടെണ്ടറിലെയും ഇൻവോയ്സിലെയും തുകയിൽ വ്യത്യാസം |
| 3-10 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല-19,615 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-11 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്-മതിയായ രേഖകളില്ല-9,86,705 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |
| അനുബന്ധം | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |

| | |
|---|---|
| 3 | |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |

# ഭാഗം -I
# പൊതു അവലോകനം

## I-1 ബജറ്റ്

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 4,41,06,823 | 2,40,26,843 | | 2,00,79,980 |
| വരവ് | 18,74,01,400 | 8,57,11,320 | | 10,16,90,080 |
| ആകെ | 23,15,08,223 | 10,97,38,163 | | 12,17,70,060 |
| ചെലവ് | 22,92,53,710 | 9,65,80,801 | | 1,32,67,209 |
| നീക്കിയിരിപ്പ് | 22,54,513 | 1,31,57,362 | 1,09,02,849 | |

ബജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥ വരവും തമ്മിൽ 10 കോടി രൂപയുടെയും ബജറ്റ് പ്രകാരമുള്ള ചെലവും യഥാർത്ഥ ചെലവും തമ്മിൽ 13 കോടി രൂപയുടെയും വ്യതിയാനം ഉണ്ട്. ബജറ്റ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214 ൽ അനുശാസിക്കുന്ന വിധം ബജറ്റ് തയ്യാറാക്കുന്നതിൽ നിയമാനുസൃത നടപടിക്രമങ്ങൾ പാലിക്കേണ്ടതും യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കേണ്ടതുമാണ്.

## I-2 വാർഷിക ധനകാര്യപത്രിക

2017-18 വർഷത്തെ വാർഷിക കണക്കുകൾ 18.05.18 ൽ ഓഡിറ്റിനായി സമർപ്പിച്ചിട്ടുണ്ട്.

## I-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

2017-18 വർഷത്തെ വാർഷിക കണക്കുകൾ 11.6.18, 12.06.18 തീയതികളിൽ പരിശോധിച്ച് ഓഡിറ്റ് സാക്ഷ്യപത്രം 20.06.18 ലെ കെ.എസ്.എ-കെ.ടി.എം.പി/2/1134/2018 നമ്പരായി പുറപ്പെടുവിച്ചിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## I-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,40,26,843 |
| വരവ് | 8,57,11,320 |
| ആകെ | 10,97,38,163 |
| ചെലവ് | 9,65,80,801 |
| നീക്കിയിരിപ്പ് | 1,31,57,362 |

## I-5 ഫണ്ട് വിനിയോഗം

ഫണ്ടിനം

| | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | അലോട്ട്മെന്റ് നീക്കിയിരിപ്പ് | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,57,40,867 | 1,57,40,867 | 1,33,27,472 | 24,13,395 | 84.66 |
| വികസനഫണ്ട് എസ്.സി.പി. | 0 | 28,70,932 | 28,70,932 | 23,80,392 | 4,90,540 | 82.91 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 7,63,485 | 7,63,485 | 5,41,861 | 2,21,624 | 70.97 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 40,82,000 | 40,82,000 | 40,20,059 | 61,941 | 98.48 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 33,97,000 | 33,97,000 | 22,67,885 | 11,29,115 | 66.76 |
| 13-ാം ധനകാര്യ | 0 | 71,04,710 | 71,04,710 | 70,78,849 | 25,861 | 99.63 |

| | | | | | | |
|---|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് | | | | | | |
| പെർഫോമൻസ് ഗ്രാന്റ് | 0 | 7,40,518 | 7,40,518 | 1,52,111 | 5,88,407 | 20.54 |
| തനതുഫണ്ട് | 1,94,07,065 | 3,66,35,612 | 5,60,42,617 | 2,90,95,909 | 2,69,46,768 | 51.91 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | 32,338 | 90,09,866 | 90,42,204 | 89,02,755 | 1,39,449 | 98.45 |
| ബി ഫണ്ട് | 0 | 1,80,820 | 1,80,820 | 1,80,820 | 0 | 100 |

### 1-6 പദ്ധതി അവലോകനം

2017-18 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം | പദ്ധതി ചെലവ് (ശതമാനം) |
|---|---|---|---|---|---|---|
| 241 | 18,67,84,389 | 169 | 4,39,43,563 | 72 | 70.12 | 23.53 |

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 18,67,84,389 രൂപയും ആകെ ചെലവ് 4,39,43,563 രൂപയുമാണ്. ചെലവുശതമാനം 23%. അംഗീകാരം ലഭിച്ച 241 പ്രോജക്ടുകളിൽ 169 എണ്ണം നടപ്പാക്കിയിട്ടുണ്ട്. 2017-18 കാലയളവിലെ വിഭവസമാഹരണം, ഫണ്ട് വിനിയോഗം, പ്രോജക്ടുകളുടെ തെരഞ്ഞെടുപ്പ്, നടത്തിപ്പ്, പൂർത്തീകരണം എന്നിവ പരിശോധിച്ചതിൽ പ്രോജക്ടുകൾ എല്ലാ മേഖലകളിലും നടപ്പാക്കിയിട്ടുണ്ട്. എന്നാൽ മാതൃകാപരമായതോ, എടുത്തുപറയത്തക്കതായതോ ആയ പ്രോജക്ടുകൾ ഒന്നും നടപ്പാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ എണ്ണം കൂട്ടി തുക പരിമിതപ്പെടുത്തി നൽകിയ ഭവനപുനരുദ്ധാരണ പ്രോജക്ടുകൾ ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് ഫയൽ പരിശോധനയിൽ വ്യക്തമാകുന്നു. 2017-18 വർഷം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബസ് സ്റ്റാൻഡ് ഗെയിറ്റ് ഫീസ് പിരിക്കുന്നതിനും, തെങ്ങുകളിൽ നിന്നും, റബ്ബർ മരങ്ങളിൻ നിന്നും ആദായം എടുക്കുന്നതിനും ലേലം നടന്നിരുന്നില്ല. ഗ്രാമസഭായോഗങ്ങൾ 8.7.17 മുതലും, വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ

22.3.17ലും, വികസന സെമിനാർ 27.3.17ലും ഭിന്നശേഷി ഗ്രാമസഭ 27.7.17ലും, 3.3.18ലും ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് ഒരു പ്രാവശ്യമേ ചേർന്നിട്ടുള്ളു. എല്ലാ സ്റ്റാൻ്റിംഗ് കമ്മിറ്റികളും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

**പദ്ധതികൾ മേഖല തിരിച്ച്.**

| ക്രമ നം. | മേഖല | അംഗീകാരം ലഭിച്ചത് | നടപ്പിലാക്കിയ പദ്ധതികൾ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | ഉത്പാദനം | 21 | 18 | 1,01,30,502 | 54,46,261 | 53.76 |
| 2. | സേവനം | 68 | 48 | 3,68,96,274 | 1,76,71,625 | 47.89 |
| 3. | പശ്ചാത്തലം | 152 | 103 | 13,97,57,613 | 2,08,25,677 | 14.90 |
| | **ആകെ** | **241** | **169** | **18,67,84,389** | **4,39,43,563** | **23.52** |

ആകെ 169 പ്രോജക്ടുകൾ നടപ്പിലാക്കിയെങ്കിലും 15 എണ്ണം ഭാഗികമായാണ് നടപ്പിലായത്. അംഗീകാരം ലഭിച്ച 72 പ്രോജക്ടുകൾ ഉപേക്ഷിച്ചു. ചെലവ് ശതമാനം ഉയർത്താൻ ശ്രദ്ധിക്കേണ്ടതാണ്. പശ്ചാത്തല മേഖലയിൽ 15% മാത്രമേ ചെലവഴിച്ചുള്ളൂ.

**ഫണ്ട് അടിസ്ഥാനത്തിലുള്ള വകയിരുത്തലും ചെലവ് വിവരവും**

| ക്രമ നം. | ഫണ്ടിനം | വകയിരുത്തൽ | ചെലവ് | ശതമാനം |
|---|---|---|---|---|
| 1. | വികസനഫണ്ട് (ജനറൽ) | 1,62,70,556 | 1,33,27,472 | 81.9 |
| 2. | വികസനഫണ്ട് (എസ്.സി.പി) | 28,97,660 | 23,80,392 | 82.1 |
| 3. | വികസനഫണ്ട് (ടി.എസ്.പി.) | 7,63,771 | 5,41,861 | 70.9 |
| 4. | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1,04,05,496 | 70,78,849 | 68 |
| 5. | ലോകബാങ്ക് സഹായം | 1,65,200 | 1,52,111 | 92.1 |
| 6. | | 4,42,95,749 | 1,26,26,864 | 28.5 |

| | | | | |
|---|---|---|---|---|
| | തനത് ഫണ്ട് | | | |
| 7. | കേന്ദ്രാവിഷ്കൃതം | 1,00,71,845 | 0.00 | 0 |
| 8. | ബ്ലോക്ക് വിഹിതം | 11,61,000 | 9,83,500 | 8.45 |
| 9. | ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 0 | |
| 10. | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 61,21,517 | 40,20,059 | 65.7 |
| 11. | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 45,67,612 | 22,67,885 | 49.7 |
| 12. | മറ്റുള്ളവ | 8,48,83,358 | 5,64,570 | 40 |
| | **ആകെ** | **18,67,84,389** | **4,39,43,563** | **23.52** |

കേന്ദ്രാവിഷ്കൃതവിഹിതമിനത്തിൽ വകയിരുത്തിയ തുകയിൽ നിന്നും യാതൊരു ചെലവും നടത്താതിരുന്നത് സംബന്ധിച്ച് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. തുടർവർഷങ്ങളിൽ വികസനഫണ്ട് (ജനറൽ), (ടി.എസ്.പി.) ഇനങ്ങളും ലോകബാങ്ക് വിഹിതവും സംരക്ഷണഗ്രാന്റും പൂർണ്ണമായും ചെലവഴിയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**ഫണ്ട് വിനിയോഗം**

2017-18 വർഷം വിവിധ നിർവഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം, ഫണ്ടുകളുടെ വിനിയോഗവിവരം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചവ | നടപ്പിലാക്കിയവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 8 | 40,15,801 | 21,19,383 | 52.78 |
| വെറ്ററിനറി സർജൻ | 4 | 3 | 26,00,000 | 11,38,940 | 43.8 |
| മെഡിക്കൽ ഓഫീസർ- പി.എച്ച്.സി. | 2 | 2 | 9,18,550 | 9,18,550 | 100 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽഓഫീസർ-ആയുർവേദം | 1 | 1 | 2,00,000 | 2,00,000 | 100 |
| മെഡിക്കൽഓഫീസർ-ഹോമിയോ | 1 | 1 | 50,000 | 50,000 | 100 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 12 | 11 | 1,25,43,621 | 38,07,341 | 30.35 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 5 | 58,33,880 | 50,98,681 | 87.4 |
| സെക്രട്ടറി | 28 | 17 | 2,69,56,295 | 44,39,152 | 16.47 |
| അസിസ്റ്റന്റ് എൻജിനീയർ | 155 | 100 | 12,43,31,658 | 1,93,67,240 | 15.58 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 10,00,000 | 9,86,705 | 98.7 |
| ഹെഡ്മാസ്റ്റർ | 6 | 6 | 14,51,850 | 11,63,905 | 80.11 |
| അസിസ്റ്റന്റ് സെക്രട്ടറി | 17 | 14 | 68,82,734 | 46,53,666 | 67.61 |
| **ആകെ** | **241** | **169** | **18,67,84,389** | **4,39,43,563** | **23.53** |

ആകെ വിഭാവനം 241 പദ്ധതികളിൽ 169 എണ്ണം മാത്രമാണ് നടപ്പിലാക്കിയത്. 72 പദ്ധതികൾ നടപ്പാക്കാനായില്ല. സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, വി.ഇ.ഒ. എന്നിവർ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവുശതമാനം 15% മുതൽ 30% വരെ മാത്രമാണ്. സ്ട്രീറ്റ്ലൈറ്റ് എൽ ഇ ഡി & ലൈൻ വലിയ്ക്കൽ, ആധുനിക മത്സ്യമാർക്കറ്റിന് സ്ഥലമെടുപ്പ്, പൊതുശ്മശാനം നിർമ്മാണം, ബയോ ഡയജസ്റ്റർ പോട്ട് എന്നിവ നടപ്പാക്കാത്തതാണ് ചെലവ് ശതമാനം ഗണ്യമായി കുറയാൻ ഇടയാക്കിയത്. പദ്ധതി രൂപീകരണത്തിൽ സംഭവിച്ച പാളിച്ചയാണ് ഇത് വെളിവാക്കുന്നത്. ഭാവിയിൽ പ്രോജക്ടുകൾ ആവിഷ്ക്കരിയ്ക്കുമ്പോൾ അവയുടെ ഫീസിബിലിറ്റി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ് .

**മരാമത്ത് പ്രവർത്തികൾ - നിർവഹണത്തിലെ പൊതു അപാകതകൾ**

മരാമത്ത് പ്രവർത്തികളിൽ നിരവധി പൊതു അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. ആസ്തി രജിസ്റ്ററുമായി പ്രോജക്ട് പ്രൊഫോർമയിലെ വിവരങ്ങൾ പൊരുത്തപെടുന്നില്ല. പ്രോജക്ട് പ്രൊഫോർമയുടെ ശീർഷകം 32 ൽ ആസ്തിയുടെ വിവരങ്ങൾ വ്യക്തമാക്കുന്നുണ്ടെങ്കിലും ആയത് പ്രകാരമല്ല പദ്ധതിയുടെ പ്രവർത്തന എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. തെക്കേപ്പടി - തൈപ്പറമ്പ് പടി നടപ്പാത (പ്രോജക്ട് നം.113/17-18) എന്ന പ്രോജക്ടിന്റെ 32-ാം നമ്പർ ശീർഷകത്തിൽ റോഡിന് വീതി 2.8 മീറ്റർ, നീളം 63 മീറ്റർ എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, എസ്റ്റിമേറ്റ് പ്രകാരം വീതി 2.9 മീറ്റർ, നീളം 116 മീറ്റർ എന്നിങ്ങനെ കണക്കാക്കിയിട്ടുള്ളത്.

ആസ്തിയുടെ പൂർണ്ണമായ വിവരങ്ങളും യൂണിക് കോഡ് നമ്പരും ശീർഷകം 36 ൽ രേഖപ്പെടുത്തണമെന്നിരിക്കെ മിക്ക ഫയലുകളിലും ആയത് രേഖപ്പെടുത്തിയിട്ടില്ല.

ടെണ്ടർ ക്ഷണിച്ചതിന്റെ വിവരം റീ-ടെണ്ടർ ക്ഷണിക്കുവാൻ കമ്മറ്റി തീരുമാനം എടുത്തതിന്റെ വിവരം എന്നിവ ഫയലിന്റ ഭാഗമായിട്ടില്ല. 155 പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കേണ്ടിയിരുന്നതിൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് 55 പദ്ധതികൾ നടപ്പാക്കാൻ സാധിച്ചില്ല. ആയതിനാൽ, കാലിക പ്രാധാന്യമുള്ള ശ്മാശാനവും ഉൾപ്പെടുന്നു. മിക്ക ഫയലുകളിലും മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പദ്ധതി നിർവഹണം വിലയിരുത്തുന്നതിൽ ജാഗ്രത കാണിക്കുന്നില്ല. ടെണ്ടർ ഡിഡക്ഷൻ കൃത്യമായി കുറവ് ചെയ്യുന്നതിലും തനത് ഫണ്ട് വിശദാംശങ്ങൾ ഫയലിൽ ചേർക്കുന്നതിലും ശ്രദ്ധ ചെലുത്തുന്നില്ല. ഭാവിയിൽ മരാമത്ത് പ്രവർത്തികളുടെ നിർവഹണത്തിലും ഫയലുകളുടെ സൂക്ഷിപ്പും ശ്രദ്ധിക്കേണ്ടതാണ്.

<u>മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല</u>

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ

നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇതു സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

### I-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 145 അയൽക്കൂട്ടങ്ങളും തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. പദ്ധതി പ്രകാരം 2017-18 വർഷം തൊഴിൽ കാർഡിന് അപേക്ഷിച്ച 68 പേർക്കും തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം 519 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിക്കുകയും അത്രയും കുടുംബങ്ങൾക്കും തൊഴിൽ ഡിമാന്റ് ചെയ്യുകയും ചെയ്തു. തൻവർഷത്തെ ലേബർ ബജറ്റ് പ്രകാരം 421 പ്രോജക്ടുകൾ വിഭാവനം ചെയ്തതിൽ 109 എണ്ണത്തിന് സാങ്കേതികാനുമതി ലഭിക്കുകയും 91 എണ്ണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം ആകെ 28113 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിന് മുൻഗണന നൽകിക്കൊണ്ട് തോടുകളുടെ പുനരുദ്ധാരണം, റോഡിന്റെ വശങ്ങളിലും പൊതുസ്ഥലങ്ങളിലും വൃക്ഷത്തൈ നടീൽ, മഴക്കുഴി നിർമ്മാണം തുടങ്ങിയവ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ അയൽക്കൂട്ടം, ഗ്രാമസഭ എന്നീ വേദികളിൽ ചർച്ച ചെയ്ത് രൂപപ്പെടുത്തിയിട്ടുള്ളതാണ്. തൻവർഷത്തെ വരവുചെലവുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 32,338 |
| വരവ് | 92,39,449 |
| പലിശ വരവ് | 4,765 |
| **ആകെ** | **92,76,552** |
| ചെലവ് | 91,37,103 |
| നീക്കിയിരിപ്പ് | 1,39,449 |

### I-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 52 | 25,320 |
| കർഷകതൊഴിലാളി പെൻഷൻ | 386 | 44,49,100 |
| | | |

| | | |
|---|---|---|
| വിധവാപെൻഷൻ | 879 | 1,02,19,000 |
| വാർദ്ധക്യകാലപെൻഷൻ | 2079 | 2,63,63,800 |
| വികലാംഗപെൻഷൻ | 268 | 29,48,800 |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 42 | 5,03,200 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.2.19 തീയതി 3.00 പി.എം. ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 30,810 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1) <u>പൊതുനിയന്ത്രണം</u>

ആഭ്യന്തര നിയന്ത്രണ സംവിധാന നിർവ്വഹണം മാനേജ്മെന്റ് (ഭരണസമിതി) ഉത്തരവാദിത്തമായി ഉൾക്കൊണ്ടുകൊണ്ട് റിസ്ക് നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള സംവിധാനം മാനേജ്മെന്റിന്റെ ഭാഗത്തുനിന്നുണ്ടാവേണ്ടതാണ്. അക്കൗണ്ടിംഗ് വ്യക്തമായി രേഖപ്പെടുത്തിയും, വരവുചെലവുകൾ നിരീക്ഷിക്കുന്നതിനായി ബജറ്റ് സംവിധാനം രൂപീകരിച്ചും നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നുണ്ട്. എന്നിരുന്നാലും സ്ഥാപനത്തിന്റെ ദൈനംദിന ഇടപാടുകളും പ്രവർത്തനങ്ങളും സുഗമമായി മുന്നോട്ട് നീങ്ങുന്നതിന് ജീവനക്കാരുടെ ചുമതലകൾ വേർതിരിച്ച് ഒരു ഇടപാടിന്റെ എല്ലാ ഘടകങ്ങളും ഒരേ ജീവനക്കാരിൽ തന്നെ നിക്ഷിപ്തമാവാത്ത വിധം സംവിധാനം രൂപപ്പെടുത്തേണ്ടതാണ്.

2) <u>തൻപതിവേട് സൂക്ഷിക്കുന്നതിലെ പോരായ്മകൾ</u>

സ്ഥാപനത്തിലെ ജീവനക്കാരെല്ലാം തൻപതിവേട് സൂക്ഷിക്കുന്നുവെങ്കിലും രേഖപ്പെടുത്തലുകൾ തൃപ്തികരമല്ല. ആയതിനാൽ സേവനങ്ങൾ നൽകിവരുന്നതിന്റെ സമയക്രമം മനസ്സിലാക്കാൻ സാധിക്കാതെ വരുന്നു. ചെലവ് നടത്തുന്നതിന് ഉപോൽബലകമായ രേഖകൾ ഇല്ലാതെ സെക്ഷൻ ക്ലർക്ക് ഫയൽ രൂപീകരിയ്ക്കുകയും ഉപരിപരിശോധനാ ഉദ്യോഗസ്ഥർ യാതൊരു വിധ ജാഗ്രതയുമില്ലാതെ ചെലവ് അംഗീകരിയ്ക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം സ്ഥാപനത്തിൽ നിലനിൽക്കുന്നു.

3) <u>അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)</u>

ക്യാഷ്, സെക്യൂരിറ്റി, ഇൻവന്ററി എന്നിവയുടെ കസ്റ്റഡിയും നിയന്ത്രണവും, നൽകാനുള്ളവ, കിട്ടാനുള്ളവ, വാങ്ങൽ എന്നിവയുടെ വ്യക്തമായ രേഖകൾ, അക്കൗണ്ട് ബാലൻസുകൾ, ജേർണ്ണൽ രേഖപ്പെടുത്തലുകൾ, ഇടപാടുകളുടെ തരംതിരിച്ചുള്ള അക്കൗണ്ട് ബാലൻസുകൾ, നികുതി, നികുതിയേതര വരവുകൾ, ചെലവുകൾ, ആസ്തികൾ ബാധ്യതകൾ എന്നിവ സമയബന്ധിതമായി

അംഗീകാരത്തോടുകൂടി രേഖപ്പെടുത്തിയും അനുബന്ധ രേഖകൾ സൂക്ഷിച്ചും, ഇടപാടുകളും പ്രവർത്തനങ്ങളും വ്യക്തമായി രേഖപ്പെടുത്തുന്ന അക്കൗണ്ടിംഗ് സംവിധാനമാണ് അവലംബിച്ചിരിക്കുന്നത്.

**4) ക്യാഷ്, ബാങ്ക് നിയന്ത്രണം**

നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ലിസ്റ്റ്, ചെക്ക്/ഡി.ഡി. എന്നിവയുടെ രേഖകൾ ക്യാഷ്/ബാങ്ക് മുഖേനയുള്ള വരവ് ചെലവുകളുടെ രേഖപ്പെടുത്തൽ, സൂക്ഷിപ്പ്, വരവിൽ നിൽക്കുന്ന ക്യാഷിന്റെ നിക്ഷേപം, ചുമതലകൾ വേർതിരിച്ച് നിയന്ത്രിച്ചും, ചെലവുകൾ വ്യക്തമായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയുമുള്ള ക്യാഷ്/ബാങ്ക് സംബന്ധിച്ച വ്യക്തമായ സംവിധാനം അവലംബിച്ചിരിക്കുന്നു.

**5) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം**

കാലാകാലങ്ങളിലെ നിലനിൽക്കുന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിൽ നികുതി വിലയിരുത്തിയും, വരവുകൾ രേഖപ്പെടുത്തിയും, കുടിശ്ശികകൾ വരും വർഷങ്ങളിലെ ബാക്കിയായി നിലനിർത്തിയും നികുതി പിരിച്ചെടുക്കുന്നതിനുള്ള കർശന നിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ അവലംബിച്ചിട്ടുണ്ട്.

**6) Controls over Procurement of works & Stores**

പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടുംകൂടിയ പ്രോക്യൂർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവർത്തികളും വാങ്ങലുകളും നടത്തി വരുന്നു.

**7) Payroll നിയന്ത്രണം**

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, 'സ്ഥാപന' സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള Payroll നിയന്ത്രണം നിലവിലുണ്ട്.

**8) ആസ്തി നിയന്ത്രണം ഫലപ്രദമല്ല**

സാംഖ്യ സോഫ്റ്റ്‌വെയർ മുഖേന ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും യഥാസമയം രേഖപ്പെടുത്തുന്നുവെങ്കിലും 'സചിത്ര' സോഫ്റ്റ്‌വെയർ മുഖാന്തിരം വിവരങ്ങൾ രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**9) ഓഫീസ് ഉത്തരവുകൾ**

സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിന് ഓഫീസ് ഉത്തരവുകൾ സമയബന്ധിതമായി പുറപ്പെടുവിക്കുകയും അവ കൃത്യമായി പാലിക്കുകയും ചെയ്തിട്ടുണ്ട്.

## I-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.01.18 | 01.12.17 - 31.12.17 | PA-2-362/18/27.03.18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.07.14 to 06.08.14 | 2009-10 to 2013-14 | എൽ.ബി.എ (എച്ച്.ക്യൂ) 4/8A-2192/248/18.09.14 |

## 1-12 വാർഷിക കണക്കുകളുടെ അവലോകനം

പുതുപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 13,05,72,082/- രൂപയും ചെലവ് 11,54,08,975/- രൂപയും തൻവർഷ പ്രവർത്തന മിച്ചം 1,51,63,107/- രൂപയുമാണ്. 31.03.2018-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 7,22,00,519 രൂപയും ആകെ ബാധ്യതകളുടെ മൂല്യം(ജനറൽ ഫണ്ട് ഒഴികെ) 6,42,00,717 രൂപയുമാണ്. പ്രസ്തുത തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് 79,99,802 രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രികയിൽ നിലനിൽക്കുന്ന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

- വസ്തുനികുതി സംബന്ധിച്ച കണക്കുകളിൽ ഡിസിബി പത്രികയിലെ തുക വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
- കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.
- പഞ്ചായത്ത് വക ഭൂമി, വാഹനം എന്നിവ ഉൾപ്പെടുത്തി ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യതയും ഉറപ്പാക്കിയിട്ടില്ല.
- ബാലൻസ് ഷീറ്റിൽ ലൈബ്രറി സെസ്സ് ഇനത്തിലുള്ള തുക വസ്തുനികുതി കുടിശ്ശികയുടെ 5% എന്ന കൃത്യത പുലർത്തുന്നില്ല.
- ബി-11ഷെഡ്യൂൾ പ്രകാരമുള്ള എല്ലാ ആസ്തികൾക്കും 1-17(a) യിൽ ഡിപ്രീസിയേഷൻ നല്കിയിട്ടില്ല.
- ബി-4 ഷെഡ്യൂളിൽ grants, funds &contributions for specific purposes -other central govt grant, block panchayath share for joint venture projeects എന്നീ ശീർഷകങ്ങളിൽ വർഷങ്ങൾക്ക് മുമ്പുള്ള ഗ്രാന്റ് വിഹിതങ്ങൾ വരെ ഉൾപ്പെടുന്നു. ടി തുകകൾ ഏത് പദ്ധതിയ്ക്കായി ലഭിച്ചുവെന്നത് വ്യക്തമല്ല.
- ബി-7 ഷെഡ്യൂളിൽ കാലഹരണപ്പെട്ട തുകകൾ അവശേഷിയ്ക്കുന്നു. ഇവ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല. water deposit എന്ന ശീർഷകത്തിൽ road cutting charge ഇനത്തിൽ ലഭ്യമായ തുക ഹെഡ് മാറി പോസ്റ്റ് ചെയ്തിരിയ്ക്കുന്നു.
  ബി- 9 ഷെഡ്യൂളിൽ other grants control account ശീർഷകത്തിൽ മുൻവർഷങ്ങളിലെ ഇലക്ഷൻ ഡെപ്പോസിറ്റ്, recoceries

payable -dues to other panchayaths, refunds payable-others ശീർഷകങ്ങളിൽ 2013 ന് മുമ്പുള്ള തിരിച്ചറിയാനാകാത്ത തുക, govt & other dues payable refund of unutilized grants ൽ ലോൺ തിരിച്ചടവ് ക്രമീകരിക്കാത്തത് എന്നിവ നിലനിൽക്കുന്നു.

- ബി-18 ഷെഡ്യൂളിൽ മുൻ വർഷങ്ങളിൽ advence to implementing agencies-kseb deposit ൽ 2015 ല് മുമ്പുള്ള ഡെപ്പോസിറ്റ് ചെയ്ത തുകയും, deposit with KWA ൽ നീക്കിയിരിപ്പുള്ള തുകയിൽ ഏത് വർഷത്തെ എന്ന് തിരിച്ചറിയാനാകാത്ത 59,050 എന്ന തുകയും ക്രമീകരിക്കാൻ ശേഷിക്കുന്നു.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2
## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വെറ്ററിനറി സർജൻ കൈപ്പറ്റിയ രസീത് ബുക്ക്- പിരിച്ച തുക പൂർണ്ണമായും അടവാക്കിയില്ല -500 രൂപ കുറവ്

വെറ്ററിനറി സർജ്ജൻ കൈപ്പറ്റിയ രസീത് ബുക്ക് നം.14621 (60 മുതൽ 100 വരെ), 14622 (1 മുതൽ 71 വരെ) എന്നിവ പ്രകാരം 18.11.17 തീയതിയിൽ ആകെ 65,500 രൂപ വരവുണ്ട്. എന്നാൽ, രസീത് നം. 11702105890/18.11.17പ്രകാരം 65,000/- രൂപ മാത്രമാണ് ഒടുക്കിയിട്ടുള്ളത്. പിരിച്ച തുക പൂർണ്ണമായും അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/26.02.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. അടവിൽ കുറവ് വന്ന 500 രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

### 2-2 വസ്തു നികുതി - അപാകത

വസ്തുനികുതി അസെസ്മെന്റ് രജിസ്റ്റർ, വസ്തു നികുതി നിർണ്ണയ അപേക്ഷ, വിവരശേഖരണ ഫാറം എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

| വാർഡ് നം. | കെട്ടിട നം. | ഉടമയുടെ പേര്, മേൽവിലാസം | ഉപയോഗക്രമം | അപാകത |
|---|---|---|---|---|
| IX | 158A | ശ്രീ.ബിനോയ് വർഗ്ഗീസ്, മണത്തറ, പുതുപ്പള്ളി | പാർപ്പിടാവശ്യം | 5 ച.മീ.ൽ കൂടുതലുള്ള റോഡിൽ (മീനടം വെട്ടത്തുകവല)നിന്നും പ്രവേശനമാർഗ്ഗം |

| | | | | |
|---|---|---|---|---|
| | | | | ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. 20% നികുതി വർദ്ധിപ്പിച്ചിട്ടില്ല. |
| VI | 298A | കെ.ജെ.ആൻഡ്രൂസ്, കാരോട്ട് കൂട്ടുഹൗസ്, പുതുപ്പള്ളി | വ്യവസായാവശ്യം | 5 ച.മീ.ൽ കൂടുതലുള്ള റോഡിൽ (മീനടം വെട്ടത്തുകവല)നിന്നും പ്രവേശനമാർഗ്ഗം ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. 20% നികുതി വർദ്ധിപ്പിച്ചിട്ടില്ല. (തച്ചകുന്ന്-പഴയിടത്ത് പടി) |
| II | 299B | ശ്രീ.നന്ദകുമാർ ജി., കിഴക്കേതലക്കൽ, വടവത്തൂർ | പാർപ്പിടാവശ്യം | 5 ച.മീ.ൽ കൂടുതലുള്ള റോഡിൽ (മീനടം വെട്ടത്തുകവല)നിന്നും പ്രവേശനമാർഗ്ഗം ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. 20% നികുതി വർദ്ധിപ്പിച്ചിട്ടില്ല. (തലപ്പാടി-പെര്യങ്കാവ്) |
| XIV | 248 | ശ്രീ.എബ്രഹാം ചാക്കോ മുട്ടത്തുതറ | പാർപ്പിടാവശ്യം | 278.48 ച.മീ. പ്ലിന്ത് ഏരിയയുള്ള |

| | | | | |
|---|---|---|---|---|
| | | വടക്കേപ്പറമ്പിൽ, തൃക്കോതമംഗലം | | കെട്ടിടത്തിന്റെ 248.13 ച.മീ. ഏരിയ മാത്രമാണ് വസ്തുനികുതി നിർണ്ണയിച്ചത്. 30.35 ച.മീ. സെല്ലാർ ഏരിയയുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല, |
| X | 443A | ശ്രീ.ബിനു പി.കോശി, പുറയിടത്ത് പറമ്പ്, തോട്ടകാട് | പാർപ്പിടാവശ്യം | 272.2 ച.മീ. വിസ്തീർണ്ണമുള്ളതും മേൽത്തരം തറ(വിലയേറിയ വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ചത്)എന്ന് നിർണ്ണയഫാറത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 15% വർദ്ധനവ് വരുത്തിയിട്ടില്ല. |
| II | 212A | ശ്രീ.വി.സി.ജോസഫ്, വാഴത്തറ, പുതുപ്പള്ളി | വ്യവസായികാവശ്യം | ഫയലിൽ കോൺക്രീറ്റ് മേൽക്കൂരയെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. നികുതി |

| | | | | |
|---|---|---|---|---|
| | | | | നിർണ്ണയിച്ചപ്പോൾ 10% ഇളവ് നൽകി. |

<u>മറ്റ് അപാകതകൾ</u>

1) സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള അസെസ്മെന്റ് പരിശോധിച്ചതിൽ, പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന ഹാളുകളായ ശ്രീനാരായണ ടെമ്പിൾ ഹാൾ, ഇരിക്കാട്, എസ്.എൻ.ഡി.പി സംഘമന്ദിരം എന്നിവയിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല.

2) എം.ഡി.ഇംപീരിയോ പ്രോഡക്ട്സ് എന്ന സ്ഥാപനം നികുതി/ഉപനികുതി ഒഴിവാക്കപ്പെട്ട സ്ഥാപനങ്ങളുടെ ഗണത്തിൽ ഉൾപ്പെട്ടിട്ടുണ്ട്.

3) ശ്രീ.ആൻഡ്രൂസ് സി.ഇട്ടിയവിര എന്ന വ്യക്തിയുടെ 50 m2 വിസ്തീർണ്ണമുള്ള കെട്ടിടം, നികുതി/ഉപനികുതി ഒഴിവാക്കപ്പെട്ട സ്ഥാപനങ്ങളുടെ ഗണത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. (ഉപയോഗക്രമം രേഖപ്പെടുത്തിയിട്ടില്ല)

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/26.2.19)മറുപടി ലഭിച്ചിട്ടില്ല. വസ്തുനികുതി പുനർനിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് തുക ഈടാക്കേണ്ടതാണ്.

**2-3 ക്രമവൽക്കരണം-ഫീസ് ഈടാക്കുന്നതിൽ കുറവ്**

തദ്ദേശ സ്വയം ഭരണ വകുപ്പ് (അർ.ഡി)സെക്രട്ടറിയുടെ 229813/ആർ.ഡി -2/15 നമ്പർ കത്തിലൂടെ പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവല്കരിക്കുന്ന കേസുകളിൽ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും (പെർമിറ്റ് ഫീയുടെ ഇരട്ടി തുക) ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പ്രസ്തുത നിർദ്ദേശപ്രകാരമുള്ള ഫീസ് ഈടാക്കിയതായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, വിലാസം | പ്ലിന്ത് ഏരിയ | ക്രമവൽക്കരണത്തിന് ഈടാക്കേണ്ട ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| 1 | എം.ജെ.ജോസഫ് മാളികപീടികയിൽ, പുതുപ്പള്ളി | 1041.54 (commercial) | (1041.54 x 7)3=21872 | 14,588 | 7,284 |
| 2 | അച്ചൻ കെ.മാത്യൂ | 40.01(commercial) | (40.01 x 7)3=842 | 561 | 281 |
| 3 | സി.എ).ബിജു, ചെറുശ്ശേരിൽ, പുതുപ്പള്ളി | 102.5(commercial) | (102.5 x 7)3=2152.5 | 1,435 | 718 |
| 4 | ദാമോദരൻ, പാലമൂട്ടിൽ | 93.5(residential) | (93.5x5)3=1403 | 935 | 468 |
| 5 | ജോജി ജോസഫ് & മിനിമോൾ മാത്യു, പാലമഠത്തിൽ | 101.14(residential) | (101.14x5)3=1517 | 510 | 1,007 |
| 6 | പി.പി.ജോൺ പുത്തൻപറമ്പിൽ | 54.59(residential) | (54.59x5)3=819 | 275 | 544 |
| 7 | ബൈജു വർഗ്ഗീസ്, ഇളംകാട്ട് | 44.3(commercial) | (44.3x7)3=930 | 603 | 327 |
| 8 | പ്രേം കുമാർ, ഏലംപ്പള്ളിൽ | 103.87(residential) | (103.87x5)3=1558 | 520 | 1,038 |
| 9 | ജോൺ ജേക്കബ്, പുളിമൂട്ടിൽ | 67.05(residential) | (67.05x5)3=1006 | 340 | 666 |
| 10 | സുമതി ബാബു, പാലകുന്നേൽ | 55.66(residential) | (55.66x5)3=834 | 250 | 585 |
| 11 | സജി വർക്കി & സാറമ്മ, | 112.84(residential) | (112.84x5)3=1693 | 565 | 1,128 |

| | | | | | |
|---|---|---|---|---|---|
| | നടുവത്ത് | | | | |
| 12 | പാപ്പിവാസു, തടത്തിൽ | 94.73(residential) | (94.73x5)3=1421 | 457 | 964 |
| 13 | ജോസഫ് പത്രോസ്, ചാക്കലപ്പറമ്പിൽ | 44.99(residential) | (44.99x5)3=675 | 225 | 450 |
| 14 | ബാബു പി.കുരുവിള, ഇരുപതഞ്ചിൽ | 32.98(commercial) | (32.98x7)3=693 | 462 | 231 |
| 15 | ശശി, പ്ലാമൂട്ടിൽ | 13.23(commercial) | (13.23x7)3=278 | 186 | 92 |
| 16 | ശ്യാമള കുമാരി, കളപ്പുരയ്ക്കൽ | 61.59(residential) | (61.59x5)3=924 | 154 | 770 |
| 17 | വി.കെ.മാത്യു, വടക്കേകര, പുതുപ്പള്ളി | 70.94(residential) | (70.94x5)3=1064 | 355 | 709 |
| 18 | വി.കെ.മോഹനൻ, വടക്കേകൊട്ട് | 10.19(commercial) | (10.19x7)3=214 | 71 | 143 |
| 19 | മോശ പത്രോസ്, വട്ടമലപറമ്പിൽ | 61.44(residential) | (61.44x5)3=922 | 305 | 617 |
| 20 | ജെസ്സി വർഗ്ഗീസ് മങ്ങാട്ട് | 206.96(residential) | (206.96x5)3=3104 | 2,070 | 1,034 |
| 21 | കെ.എൻ.ആനന്ദകുമാർ, സായൂജ്യം | 272.92(residential) | (272.92x5)3=4094 | 2,730 | 1,364 |
| 22 | ഇ.ജെ.റെജി, ഇല്ലിക്കൽ ഹൗസ് | 77.81(residential) | (77.81x5)3=1168 | 780 | 388 |
| | **ആകെ** | | | | **20,808** |

മേൽപ്പട്ടികയിൽ, ക്രമ നം.5, 6, 8, 9, 10, 11, 12, 13, 19 എന്നീ വ്യക്തികളിൽ നിന്നും പെർമിറ്റ് ഫീ മാത്രമാണ് ക്രമവത്കരണ സമയത്ത് ഈടാക്കിയത്. പെർമിറ്റ് ഫീ ഇനത്തിൽ ഉണ്ടായ നഷ്ടത്തുകയായ 20,808 രൂപ തിരികെ ഈടാക്കേണ്ടതാണ്.

**2-4 ഇ-ടെണ്ടർ ഫോറ വില പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല**

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വന്നിരുന്നത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലായിരുന്നു. ടി തുകകൾ അതാത് തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2017-18 വർഷം പുതുപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല.

| ക്രമ നം. | പ്രോജക്ട് | PAC | ടെണ്ടർ ഫോം വില | കരാറുകാരുടെ എണ്ണം | ആകെ ടെണ്ടർ ഫോം വില |
|---|---|---|---|---|---|
| 1. | പെരുംകാവ് ഏലിയാമ്മ മെമ്മോറിയൽ റോഡ് കോൺക്രീറ്റിങ്ങ് - | 5,20,000 | 1300+GST | 2 | 2,600 |
| 2. | മലകുന്നംപാറമടപ്രീയദർശിനി റോഡ് കോൺക്രീറ്റിങ്ങ് | 5,00,000 | 1180+GST | 1 | 1,180 |
| 3. | പൊയ്കയിൽ ചീരക്കുളം റോഡ് കോൺക്രീറ്റിങ്ങ് | 5,48,000 | 1300+GST | 1 | 1,300 |
| 4 | എസ്.എൻ.ഡി.പി. കാരാറ്റിൻകടവ് റോഡ് കോൺക്രീറ്റിങ്ങ് | 5,00,000 | 1180+GST | 2 | 2,360 |

| | | | | | |
|---|---|---|---|---|---|
| 5 | കമ്പളം തറ വാഴക്കാല റോഡ് കോൺക്രീറ്റിങ്ങ് | 5,00,000 | 1180+GST | 2 | 2,360 |
| 6 | കളരിക്കൽ അമ്പലം പാലൂർ റോഡ് കോൺക്രീറ്റിങ്ങ് | 6,00,000 | 1420+GST | 4 | 5,680 |
| 7 | ഗവ.യു.പി. സ്ക്കൂൾ പരിയാരം-അറ്റകുറ്റപണി | 5,00,000 | 1180+GST | 1 | 1,180 |
| 8 | ഗവ.എൽ.പി.എസ്. പുതുപ്പള്ളി | 5,00,000 | 1180+GST | 1 | 1,180 |
| 9 | പുതുപ്പള്ളി പഞ്ചായത്തിലെ വിവിധ പൊതുകിണറുകളുടെ അറ്റകുറ്റപണി | 5,00,000 | 1180+CAT | | 1,180 |
| **ആകെ ടെണ്ടർ ഫോം വില** | | | | | **19,020/-** |

ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. പുതുപ്പള്ളിഗ്രാമപഞ്ചായത്തിൽ 28.12.2017 ലെ തീരുമാനം (നം.3) പ്രകാരം ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ബാങ്ക് ഇടപാട് നടത്തുന്നതിന് പുതുപ്പള്ളി എസ്.ബി.ഐ.ൽ 2.5.18 ന് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്(A/c-37681100198). ടെൻഡർ ഫോം വിലയിനത്തിൽ 2017-18 വർഷം മാത്രം ലഭിക്കുവാനുള്ള 17,840/- രൂപയും മുൻവർഷങ്ങളിൽ ലഭ്യമാകാനുള്ള തുകയും കണക്കാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**2-5 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല**

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി

കാണുന്നില്ല.

| സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|
| ലീല ഹോസ്പിറ്റൽ | 12 |
| പുളിമൂട്ടിൽ എന്ററർപ്രൈസസ് | 7 |
| പ്രിയ ദർശിനി ഫ്രൂട്ട്പ്രോഡക്സ് | 5 |
| ജോന ചപ്പാത്തി സെന്ററർ | 5 |
| ആർ.ആർ ട്രേഡിംഗ് | 20,000(ഒരു ദിവസത്തെ വിറ്റുവരവ്) ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. |
| എസ്.ജി.പോളി പാക്ക് | 5 |

മേൽ പരാമർശിച്ചിട്ടുള്ള ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 2-6 ഓഡിറ്റ് ഇംപാക്ട്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ സ്റ്റേറ്റ് ബാങ്ക് നിരവത്തുപടി റോഡ് കോൺക്രീറ്റിംഗിന് പ്രവൃത്തിയിൽ കോൺട്രാക്ടർക്ക് നൽകിയ അധികതുക 2,772 രൂപ ഓഡിറ്റ് എൻക്വയറി (നം.14) മുഖേന അറിയിച്ചതിനേ തുടർന്ന് 28.02.19 ൽ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തനതുഫണ്ട് ചെലവുകൾ- വിവിധകാരണങ്ങളാൽ ചെലവ് തടസ്സപ്പെടുത്തുന്നു

ചുവടെ കൊടുത്തിരിയ്ക്കുന്ന തനതുഫണ്ട് ചെലവുകൾ അവയ്ക്കു നേരേ കൊടുത്തിരിയ്ക്കുന്ന കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | ഇന വിവരം | വൗച്ചർ നം./ തീയതി | ചെക്ക് നം./ തീയതി | തുക | ചെലവിലെ അപാകത |
|---|---|---|---|---|---|
| 1 | ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21700455/ 11.09.17 | 713690/11.09.17 | 18,707 | പ്രവൃത്തി പൂർത്തീകരിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമല്ല. |
| 2 | അനിൽകുമാർ സി. (ക്ലാർക്ക്) | 21700693/01.12.17 | 5975621/01.12.17 | 5000/- | ശമ്പളറിക്കവറി ഇനത്തിൽ കോട്ടയം ഗവൺമെന്റ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ (47) അടവാക്കിയ തുകയുടെ രസീത് ഇല്ല. |
| | **ആകെ** | | | **23,707** | |

വിനിയോഗ വിവരങ്ങൾ/രേഖകൾ എന്നിവയുടെ അഭാവത്തിൽ 23,707 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 യാത്രപ്പടി അനുവദിക്കുന്നതിൽ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഔദ്യോഗിക യാത്ര നടത്തുന്നതിന്റെ ഭാഗമായി സമർപ്പിക്കപ്പെടുന്ന യാത്രാ ഡയറി ക്രമപ്രകാരമല്ല. യാത്ര പുറപ്പെടുന്ന സമയവും തിരികെ എത്തുന്ന സമയവും അതുപോലെതന്നെ യാത്ര ചെയ്യുന്ന സ്ഥലം, യാത്രയുടെ ഉദ്ദേശ്യം എന്നിവ രേഖപ്പെടുത്താതെയും സമർപ്പിക്കപ്പെടുന്ന യാത്രാ ഡയറിയുടെ അടിസ്ഥാനത്തിൽ യാത്രപ്പടി അനുവദിക്കുന്നു. ഉദാഹരണത്തിന് പ്രസിഡന്റ് ശ്രീ.നിബു ജോൺ "22.03.2016ൽ തിരുവനന്തപുരം സെക്രട്ടറിയേറ്റ്" എന്ന് മാത്രം രേഖപ്പെടുത്തിയാണ് ടൂർ ഡയറി ലഭ്യമാക്കിയിരിക്കുന്നത്. അതുപോലെ "22.04.16 പാമ്പാടി ആശുപത്രി" എന്നു മാത്രവും രേഖപ്പെടുത്തിയിട്ടുള്ളത്. ഇത്തരം വിവരങ്ങളുടെ മാത്രം അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ടിട്ടുള്ള യാത്രപ്പടി ബിൽ ആകട്ടെ നിർദ്ദിഷ്ട കോളങ്ങൾ പൂരിപ്പിക്കാതെയുമാണ്. ടൂർ ഡയറിയിൽ യാത്രയുടെ സ്വഭാവം രേഖപ്പെടുത്താത്ത സാഹചര്യത്തിലും കൂടിയ ക്ലാസിലുള്ള ട്രയിൻനിരക്ക് അനുവദിച്ചിട്ടുണ്ട്. യാത്രപ്പടി ബിൽ തയ്യാറാക്കുമ്പോൾ ഭാവിയിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-3 യാത്രപ്പടി കുടിശ്ശിക നൽകിയത് അംഗീകരിയ്ക്കുന്നില്ല

വൗച്ചർ നം.21700010/തീയതി 2.05.17

തുക 22,285

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് 03/16 മുതൽ 08/16 വരെയുള്ള വിവിധ തീയതികളിൽ ഔദ്യോഗിക യാത്ര നടത്തിയതിന് 31.3.17ൽ 21601079 നമ്പർ വൗച്ചർ പ്രകാരം 33,905 രൂപ കൈപ്പറ്റിയിരുന്നു. എന്നാൽ പ്രസിഡന്റിന്റെ രേഖാമൂലമുള്ള യാതൊരുവിധ അഭ്യർത്ഥനയുമില്ലാതെ 02.05.17ലെ മേൽ നമ്പർ വൗച്ചർ പ്രകാരം 22,285 രൂപ യാത്രാപ്പടിയിൽ കുറവ് വന്ന തുക എന്ന കാരണത്താൽ കുടിശ്ശിക നൽകിയിരിക്കുന്നു. എന്നാൽ ഘട്ടംഘട്ടമായി യാത്രപ്പടി അനുവദിയ്ക്കാൻ നിലവിൽ വ്യവസ്ഥയില്ല. യാത്രാപ്പടി അവകാശം പരിഷ്ക്കരിക്കാവുന്ന സാഹചര്യം കെ.എസ്.ആർ.പാർട്ട് II റൂൾ 4 ആയി ചേർത്തിട്ടുണ്ട്. അതനുസരിച്ച് ഇൻക്രിമെന്റ് വൈകി അനുവദിക്കൽ, പേ സ്ലിപ് വൈകി അനുവദിക്കൽ എന്നീ കാരണങ്ങളാണ് ചേർത്തിട്ടുള്ളത്. കൂടാതെ സർക്കുലർ നം.65/78 തീ.17.08.1978ലും കുടിശ്ശിക യാത്രാപ്പടി അനുവദിക്കാനുള്ള വ്യവസ്ഥയില്ല. ഈ സാഹചര്യത്തിൽ കുടിശ്ശികയിനത്തിൽ നൽകിയ 22,285 രൂപ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.നിബു ജോണിൽ നിന്നോ അല്ലാത്തപക്ഷം 2.5.17ലെ എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ ക്ലർക്ക്, അക്കൗണ്ടന്റ്, ജൂനിയർ സൂപ്രണ്ട്, സെക്രട്ടറി എന്നിവരിൽ നിന്നോ തുല്യമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് ചേർക്കേണ്ടതാണ്.

## 3-4 ലൈബ്രറി സെസ് ഇനത്തിൽ കൂടുതൽ തുക അടവാക്കിയത് ക്രമീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വസ്തുനികുതി പിരിവിൻ മേലുള്ള ലൈബ്രറി സെസ് ഒടുക്കുന്നതിന് 1.4.2017ലെ എ5-2436/17 നമ്പരായി കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലെ സീനിയർ ഫിനാൻസ് ഓഫീസർ 4,09,835 രൂപ ഒടുക്കാൻ കത്ത് നൽകുകയുണ്ടായി. കെട്ടിടനികുതിയിനത്തിൽ പിരിച്ച 81,96,714 രൂപയുടെ അഞ്ച് ശതമാനമാണ് ഒടുക്കേണ്ടിയിരുന്നത്. എന്നാൽ

ലൈബ്രറി സെസ് ഇനത്തിൽ ആകെ പിരിച്ചെടുത്ത അധികപിരിവ് ഉൾപ്പെടെയുള്ള 4,19,949 രൂപ 21700102/7.5.17 വൗച്ചർ പ്രകാരം ലൈബ്രറി കൗൺസിലിൽ ഒടുക്കി. ഈയിനത്തിൽ അധികം ഒടുക്കിയ 10,114 രൂപ(419949-409835) നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ആയത് തുടർവർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

### 3-5 തൊഴിലുറപ്പ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതിരുന്നിട്ടുള്ളത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. പദ്ധതി രൂപീകരിച്ച് നിർവ്വഹണം പൂർത്തിയാക്കുന്നത് വരെയുള്ള വിവിധ ഘട്ടങ്ങളിലെ വിവരങ്ങൾ അനുബന്ധം 1, 2, 3 ഇവകളിലായി രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ അനുബന്ധം 3(ഫീൽഡ് തല പരിശോധനാപത്രിക) സൂക്ഷിക്കുന്നില്ല. സൂക്ഷിക്കുന്ന അനുബന്ധങ്ങൾ തന്നെ പൂർണ്ണമല്ല. പ്രവൃത്തി പൂർത്തിയാക്കി തീയതി, അളവ് രേഖപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേര്, ഒപ്പ്, തീയതി ഉപരിപരിശോധനാ വിവരം ഇവ മിക്ക ഫയലുകളിലും കൃത്യമായി രേഖപ്പെടുത്തുന്നില്ല. അളവുപുസ്തകങ്ങൾ പരിശോധിച്ചതിൽ ചെക്ക് മെഷർ ചെയ്യാതെ ബിൽ തുക തൊഴിലാളികൾക്ക് കൈമാറിയ സാഹചര്യം നിലനിൽക്കുന്നു. അതിലുപരി തൊഴിലുറപ്പ് പദ്ധതി അസിസ്റ്റന്റ് സെക്രട്ടറിയുടെ നിയന്ത്രണാധികാരത്തിലായിരിക്കെ ഫയലുകൾ അസിസ്റ്റന്റ് സെക്രട്ടറി പരിശോധിക്കപ്പെടാതെയാണ് തൊഴിലാളികൾക്ക് തുക കൊടുക്കുന്നത്. എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും ഭരണസമിതിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

### 3-6 പൊതുസ്ഥലങ്ങളിൽ വേസ്റ്റ് ബിൻ സ്ഥാപിക്കൽ-വിശദാംശങ്ങളില്ല

പൊതുസ്ഥലങ്ങളിൽ വേസ്റ്റ് ബിൻ സ്ഥാപിക്കൽ പദ്ധതി പ്രകാരം 2,85,876(ബിൽ നം.00944652/17-18/9.2.18)രൂപ ചെലവഴിച്ച് ടാലന്റ് എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും 108 വേസ്റ്റ് ബിന്നുകൾ വാങ്ങിയിട്ടുണ്ട്. ഇവ സ്റ്റോക്കിലെടുത്ത് 103 എണ്ണം വിതരണം ചെയ്തതായും 5 എണ്ണം പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നതായുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല വേസ്റ്റ് ബിന്നുകൾ വിവിധ വാർഡ് മെമ്പർമാർ കൈപ്പറ്റിയതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ അന്വേഷണകുറിപ്പിന് പള്ളി പെരുന്നാളുകൾ പ്രമാണിച്ച് പ്ലാസ്റ്റിക് വേസ്റ്റുകൾ കൂടുതൽ വരാൻ സാധ്യതയുള്ളതുകൊണ്ടാണ് 5 എണ്ണം സൂക്ഷിച്ചിരിക്കുന്നതെന്നും ഹരിതകർമ്മസേനാ അംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തി 'നിറവ് എന്ന സംഘടനയുമായി ചേർന്ന് പ്ലാസ്റ്റിക് വേസ്റ്റുകൾ ശേഖരിച്ചു തുടങ്ങിയിട്ടുണ്ടെന്നും അയർക്കുന്നം പഞ്ചായത്തിലുള്ള പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകി. പദ്ധതി പ്രവർത്തനം ആരംഭിച്ച് ലക്ഷ്യം കൈവരിക്കുന്നതുവരെ 2,85,876 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 3-7 പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി നൽകൽ- അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി നൽകൽ (നം.54/18) പദ്ധതിയിൽപ്പെടുത്തി 3 പേർക്കും പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക്

സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി നൽകൽ (നം.60/18) പദ്ധതിയിൽപ്പെടുത്തി 3 പേർക്ക് ബാക്ക് എൻഡ് സബ്സിഡിയായി യഥാക്രമം 81,760 രൂപയും 1,72,690 രൂപയും നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് ബാങ്ക് വായ്പ അനുവദിക്കപ്പെട്ടിട്ടുണ്ട് എന്നതിനു തെളിവായി ബാങ്ക് സീൽ മാത്രം പതിപ്പിച്ച വിശദാംശങ്ങൾ ഒന്നും രേഖപ്പെടുത്താത്ത ഒരു അപേക്ഷാഫോറം മാത്രമാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. മറ്റേതെങ്കിലും ഏജൻസിയിൽ നിന്ന് സർക്കാർ ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ അല്ല എന്നത് ഉറപ്പാക്കിയിട്ടില്ല. പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 കൃഷിക്ക് സബ്സിഡി നൽകൽ-പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ-ചെലവ് തടസ്സപ്പെടുത്തുന്നു

1) കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപറയുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | ആകെ ചെലവ് തുക | സബ്സിഡി നൽകിയ രീതി | അപാകത |
|---|---|---|---|
| വാഴകൃഷി 59/17-18 | 1,75,500 | വിത്തുകളുടെ എണ്ണം x3 രൂപ | നടീൽ വസ്തുക്കൾ, വളം, കൂലിച്ചെലവ് എന്നിവയുടെ ബില്ലുകളോ കൈപ്പറ്റ് രസീതോ ഹാജരാക്കിയിട്ടില്ല. |
| പച്ചക്കറി കൃഷി 56/17-18 | 1,21,360 | ഏരിയ(സെന്റ്)x32 രൂപ | |
| കപ്പകൃഷി 64/17-18 | 97,500 | ഏരിയ(സെന്റ്)x100 രൂപ | സബ്സിഡി തുക നിശ്ചയിച്ചത് എപ്രകാരമെന്ന് വ്യക്തമല്ല. |
| **ആകെ** | **3,94,360** | | |

മേൽ പരാമർശിച്ച കാരണങ്ങളാൽ 3,94,360 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**2) <u>പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് (270/17-18)</u>**

ട്രഷറി ബിൽ നം.15/17-18 പ്രകാരം 50 ഡിസ്പ്ലേ ബോർഡുകൾ ഒന്നിന് 1,500 രൂപ വീതം 75,000 രൂപയ്ക്ക് മിത്ര നികേതൻ കൃഷി വിജ്ഞാൻ കേന്ദ്ര എന്ന സ്ഥാപനത്തിന് ഇ-മെയിൽ മുഖേന റിക്വസ്റ്റ് അയച്ച് വാങ്ങിയതായി കാണുന്നു. ബോർഡുകളുടെ അളവ്, ഇത്രയും എണ്ണം ബോർഡുകളുടെ ഉപയോഗം എന്നിവ വ്യക്തമല്ല. ടെണ്ടർ മുഖേനയല്ലാതെ വാങ്ങൽ നടത്തിയതിന്റെ സാഹചര്യം വ്യക്തമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 75,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**3) <u>പച്ചക്കറി ഗ്രോ ബാഗ് വിതരണം.(268/17-18)</u>**

പച്ചക്കറി ഗ്രോ ബാഗ് വിതരണ പദ്ധതിയ്ക്കായി 4,000 രൂപയുടെ ഡി.ഡി.(നം.633141/28.03.18), ഫെസിലിറ്റേറ്റർ, പനച്ചിക്കാട് അഗ്രോ സർവീസ് സെന്ററിന് ലഭിച്ചതിന്റെ കൈപ്പറ്റ് രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രോ ബാഗുകൾ ലഭിച്ചതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ലഭ്യമായില്ല.

അപാകതകൾ സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 4,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**3-9 സ്കൂളുകളിലെ ഒരു റൂം സ്മാർട്ട് ക്ലാസ് റൂം ആക്കൽ- ടെണ്ടറിലെയും ഇൻവോയ്സിലെയും തുകയിൽ വ്യത്യാസം**

ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട്ചെയ്ത ആർ. ജെ എന്ററർപ്രൈസസ് മുഖേനയാണ് പദ്ധതി നടപ്പാക്കിയത്. ടി ഏജൻസിയുടെ ക്വട്ടേഷൻ പ്രകാരം ഒരു യൂണിറ്റിന് 1,08,500 രൂപയാണ് നിരക്ക്. ആയതിൻപ്രകാരം 3 യൂണിറ്റിനുള്ള തുക 3,25,500 രൂപയാണ്. സ്പെസിഫിക്കേഷനിലും ടെണ്ടറുകളിലും പറഞ്ഞിരിക്കുന്ന പേഴ്സണൽ കംപ്യൂട്ടറിനു പകരം ലാപ്ടോപ്പ് ഉൾപ്പെടുത്തിയതിനാൽ ഇൻവോയ്സ് പ്രകാരം 3,46,500 രൂപയായിട്ടുണ്ട്. 21,000 രൂപയുടെ വ്യത്യാസം ഉണ്ട്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് മാറ്റം വരുത്തിയത് എന്ന് അറിയിച്ചിട്ടുണ്ട്. തീരുമാനത്തിന്റെ നമ്പരും ഡേറ്റും രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനത്തെ

തെരഞ്ഞെടുത്ത ശേഷം ഇനത്തിൽ മാറ്റം വരുത്തുന്നത് ശരിയായ നടപടിയല്ല. ഇത്തരം സന്ദർഭങ്ങളിൽ മറ്റ് സ്ഥാപനങ്ങൾക്ക് അവസരം ലഭിക്കാതെ പോകുന്നു. ഭാവിയിൽ പദ്ധതി നിർവഹണത്തിന്റെ ആദ്യ ഘട്ടത്തിൽ തന്നെ കൃത്യമായ ഇനങ്ങളും സ്പെസിഫിക്കേഷനും നിശ്ചയിച്ച് നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

### 3-10 മരുന്നുകൾ പൂർണമായും ലഭ്യമായില്ല- 19,615 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 52/17-18 |
| പ്രോജക്ട് | പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 1,50,000 |
| ചെലവ് | 1,50,000 |
| സ്രോതസ്സ് | മെയിന്റനൻസ് ഫണ്ട്(റോഡിതരം) |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

പി.എച്ച്.സി.യിലേയ്ക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് നടപ്പാക്കുന്നതിനായി 1,50,000 രൂപ ബിൽ നം.14/17 തീയതി 23.1.18 പ്രകാരം കെ.എം.എസ്.സി.എൽ., തിരുവനന്തപുരം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ 1,30,385 രൂപയ്ക്കുള്ള മരുന്നുകൾ മാത്രമെ ലഭ്യമായുള്ളൂ. 19,615 രൂപയുടെ മരുന്നുകൾ ലഭ്യമാക്കാനവശേഷിക്കുന്നു. ഈ സാഹചര്യത്തിൽ 19,615 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-11 ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്- മതിയായ രേഖകളില്ല-9,86,705 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് പദ്ധതി(പ്രോജക്ട് നം.65/17-18) പ്രകാരം 9,86,705 രൂപ വിവിധ ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് നൽകിയിട്ടുണ്ട്. KUCS പാലളവ് രേഖപ്പെടുത്തി ലഭ്യമാക്കിയ പത്രിക, ക്ഷീരസംഘത്തിലെ കർഷകരുടെ ലഡ്ജർ അക്കൗണ്ടുമായി പരിശോധിച്ച് നിർവ്വഹണോദ്യോഗസ്ഥൻ കൃത്യത ഉറപ്പ് വരുത്തുന്നില്ല. മാത്രമല്ല തുക കൈപ്പറ്റിക്കൊണ്ടുള്ള സംഘങ്ങളുടെ കൈപ്പറ്റ് രസീത് ഉണ്ടെങ്കിലും ക്ഷീര കർഷകർക്ക് നല്കുന്നതിനായി സംഘത്തിൽ ഏൽപ്പിക്കുന്ന ഈ തുക കർഷകർക്ക് ലഭിക്കുന്നുണ്ടോ എന്ന് കർഷകരുടെ പാസ്ബുക്ക് പരിശോധിച്ച് ഉറപ്പ് വരുത്തുന്നില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 9,86,705 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുകലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 24.10.17 | 5,00,000 | 65/17-18 ക്ഷീരകർഷകർക്ക്പാലുല്പാദനത്തിന് ഇൻസെന്റീവ് | 5,00,000 | |
| | 27.10.17 | 96,000 | 73/17-18 അങ്കണവാടികൾക്ക് മേശ വാങ്ങൽ | 96,000 | |
| | 29.12.17 | 5,65,000 | 55/17-18 നെൽകൃഷി പ്രോത്സാഹനപദ്ധതി | 3,87,500 | 1,77,500 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | റൂറൽ അർബൻ മിഷൻ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ & ഹൗസ്ഹോൾഡ് കണക്ഷൻ | 21700978/7.2.18 | 1,54,28,762 | | 1,54,28,762 |
| മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് | റൂറൽ അർബൻ മിഷൻ-ബണ്ട് നിർമ്മാണം & വിസിബി | 21700979 | 10,00,000 | - | 10,00,000 |
| | കൊട്ടൂരാർ റിനോവേഷൻ കൊല്ലങ്കോട് പാടത്തു | 21701121 | 14,80,000 | | 14,80,000 |

| | | | | | |
|---|---|---|---|---|---|
| | തറയിൽതോട്ട കന്നുകുഴി തോട്ട ചെറുതോട്ടഭാഗം | | | | |
| | കൊട്ടൂരാർ റിനോവേഷൻ കന്നുകുഴി പാലം ഭാഗം | 21701122 | 14,80,000 | | 14,80,000 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 97 നം. അങ്കണവാടിയിൽ കുഴൽകിണർ | 21701218 | 1,30,000 | | 1,30,000 |
| | 89 നം. അങ്കണവാടിയിൽ കുഴൽകിണർ | 21701219 | 1,05,000 | | 1,05,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപങ്ങൾ | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 90,00,000 |
| ആകെ | 90,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങൾ | 90,00,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| സ്ഥിരനിക്ഷേപത്തിന്റെ വിവരം | തുക | അക്കൗണ്ട് നം.& ബാങ്ക് |
|---|---|---|
| k. 402121 | 20,00,000 | 076310100000 1086, സൗത്ത് ഇൻഡ്യൻ ബാങ്ക്, പുതുപ്പള്ളി |
| | | |

| | | |
|---|---|---|
| k.402122 | 20,00,000 | 076310100001087, സൗത്ത് ഇൻഡ്യൻ ബാങ്ക്, പുതുപ്പള്ളി |
| K.402095 | 50,00,000 | 076310100001067, സൗത്ത് ഇൻഡ്യൻ ബാങ്ക്, പുതുപ്പള്ളി |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | രസീത് നം./തീയതി |
|---|---|---|---|
| 2004-05 | 2-4 | 2,000 | 11702500194/2.11.17 |
| 2005-06 | 2-3 | 900 | 11702107466/17.1.18 |
| 2003-04 | 2-8 | 1,500 | 11702107661/25.1.18 |
| 2014-15 | 3-1 | 4,403 | 11702100660/2.5.17 |
| 2016-17 | 3-3(2) | 2,000 | 11702106424/5.12.17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെവരവ് | : | 10,97,38,163 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 9,65,80,801 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 22,285 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 17,89,263 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 22,285 | ശ്രീ.ഷാജി തോമസ്, സെക്രട്ടറി |
| **ആകെ** | | **22,285** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 23,707 | ശ്രീ.ഷാജി തോമസ്, സെക്രട്ടറി |
| 3-6 | 2,85,876 | ശ്രീ.ഷാജി തോമസ്, സെക്രട്ടറി |
| 3-8-1 | 3,94,360 | ശ്രീമതി ഫസ്‌ലീന എ., കൃഷി ഓഫീസർ |
| 3-8-2 | 75,000 | ശ്രീമതി ഫസ്‌ലീന എ., കൃഷി ഓഫീസർ |
| 3-8-3 | 4,000 | ശ്രീമതി ഫസ്‌ലീന എ., കൃഷി ഓഫീസർ |
| 3-10 | 19,615 | ഡോ.ആതിര കെ.നായർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-11 | 9,86,705 | ശ്രീമതി ഷേർളി അലക്സ്, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| **ആകെ** | **17,89,263** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.ഷാജി തോമസ്, സെക്രട്ടറി | | ഒറ്റപ്ലാക്കൽ, മൗണ്ട് ഗാർഡൻ, മാടപ്പള്ളി പി.ഒ., കോട്ടയം |

(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1993-94 | എൽ.എഫ്.കെ.പി11/697/14(അദാ)/13.12.14 | 1 |
| 1994-95 | എൽ.എഫ്.കെ.പി11/524/14(അദാ)/07.1.15 | 1 |
| 1999-00(ചെലവ്) | എൽ.എഫ്.കെ.പി11/699/14(അദാ)/07.01.15 | 6 |
| 2000-01 | എൽ.എഫ്.കെ.പി6/749/07/14.8.09 | - |
| 2001-02(പ്ലാൻ) | എൽ.എഫ്.കെ.പി11/700/14(അദാ)/23.12.14 | 1 |
| 2003-04 (ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി11/1224/15/23.11.15 | 2 |
| 2004-05 | എൽ.എഫ്.കെ.പി6/95/08/11.4.09/9.9.09 | - |
| 2005-06 | എൽ.എഫ്.കെ.പി11/633/11/13.10.11 | - |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി11/1222/15/11.11.15 | 18 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി11/1225/15/12.11.15 | 6 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി11/1226/15/12.11.15 | 4 |
| 2009-10 | എൽ.എഫ്.കെ.പി11/1571/14/9.6.14 | 9 |
| 2010-11 &2011-12 | എൽ.എഫ്.കെ.പി11/487/14/9.6.14 | 19 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി11/1228/15/27.10.15 | 7 |

| | | |
|---|---|---|
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി11/1548/15/15.3.16 | 14 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി11/57/17/05.04.17 | 34 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.11-1679/16 | 35 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.12-1340/17/13.9.17 | 26 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ),**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## അനുബന്ധം - I

## ഓഡിറ്റ് സാക്ഷ്യപത്രം

**നം.കെ.എസ്.എ-കെ.ടി.എം.പി12-226/2019** **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**
**ഫോൺ: 04812564886**
**ഇ-മെയിൽ: doktm.ksad@kerala.gov.in**
**തീയതി: 07.03.2019**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ

നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻേറർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **പുതുപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **പുതുപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ 2017-18ലെ** വാർഷിക ധനകാര്യപത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.),**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**